ശ്രീ. ടി. വി. തേവൻ : അവശതാപരിഹാരത്തിനു് കോടതിയിൽ കേസ്സെടുക്കാൻ പാടില്ലെന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : അവശതാപരിഹാരബില്ലിലെ വ്യവസ്ഥപ്രകാരം ഇവക കാര്യങ്ങൾ വിചാരണ നടത്തുന്നതിനു് എല്ലാ കോടതികൾക്കും ബാദ്ധ്യതയുണ്ടു്.

ശ്രീ. ടി. വി. തേവൻ : പോലീസ് ഡിപ്പാർട്ട്മെന്റിനു് ഈ കാര്യങ്ങളിൽ ഒരു കേസ് ചാർജ്ജു് ചെയ്യാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : അവക്കു കേസ് ചാർജ്ജു് ചെയ്യാം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ഈ അദ്ധ്യാപകൻ വിദേശിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള : വിദേശിയാണു്. അതിനുശേഷവും അവിടെ ഒരു അടിയുണ്ടായി.

പട്ടികജാതിക്കാർ

*വ്യ൯ ൪. (൩൦) ശ്രീ. ടി. ടി. കേശവൻശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഹരിജൻ ഉദ്ധാരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ പിന്നോക്ക സമുദായ പട്ടികജാതി ലിസ്റ്റ് ബഹുമാനപ്പെട്ട ഇൻഡ്യാഗവണ്മെന്റും ഇൻഡ്യൻ പ്രസിഡണ്ടും അംഗീകരിച്ചു് നടപടികളും ഉണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പട്ടികജാതി വിഭാഗങ്ങൾ തിരുവിതാംകൂർ വിഭാഗത്തിൽ എതെല്ലാം ;

(സി) കൊച്ചി വിഭാഗത്തിൽ എതെല്ലാം?

വ്യവസായവും, എക്സൈസും, പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞരാമൻ) :

(എ) ഉണ്ടു്.

(ബി)യും, (സി)യും തിരുവിതാംകൂർ വിഭാഗത്തിനും കൊച്ചി വിഭാഗത്തിനും ഒരേ ലിസ്റ്റാണു് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതു്. പ്രസ്തുത ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

List

1. Ayyanavar
2. Bharatar
3. Chakkiliyan
4. Domban
5. Eravalan
6. Kakkalan
7. Kanakkan
8. Kavara
9. Kootan (Koodan)
10. Kuravan
11. Mannan
12. Nayadi
13. Padannan
14. Pallan
15. Palluvan
16. Panan
17. Paravan
18. Parayan(Sambavar)
19. Pathiyan
20. Perumannan
21. Pulayan
22. Thandan
23. Ulladan
24. Uraly
25. Vallon
26. Valluvan
27. Vannan
28. Velan
29. Vetan
30. Vettuvan

LIBRARY ARCHIVES Kerala Legislative Assembly